# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5471 | 02.11.2016 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക സേവന നികതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.വി.വിജയദാസ് | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ചരക്ക സേവന നികതി ഏർപ്പെടുത്തുന്നതോടുകൂടി കേരളത്തിനുണ്ടാകുന്ന നഷ്ടം എപ്രകാരം നികത്താൻ കഴിയുമെന്നാണ് കേന്ദ്ര സർക്കാർ ഉറപ്പ നൽകുന്നത്; ഏറ്റവും ഒടുവിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിലുള്ള ധാരണയുടെ വിശദവിവരം നൽകുമോ; | (എ), (ബി) & (സി) | ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാകയാലും സേവനങ്ങൾക്കുമേൽ സംസ്ഥാനത്തിന് നികുതി ചുമത്താമെന്നതിനാലും ഈ നികുതി സംവിധാനം കേരളത്തിന് ഗുണകരമാകും എന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്.<br>ജി.എസ്.ടി. നടപ്പാക്കുമ്പോൾ വരുമാനനഷ്ടം ഉണ്ടാകുന്നുണ്ടെങ്കിൽ അത് നികത്തണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് ഇതിനുള്ള വകുപ്പ് ഭരണഘടനാഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം Goods and Services Tax Council ന്റെ ശുപാർശ അനുസരിച്ച് പാർലമെന്റ്, നിയമനിർമ്മാണത്തിലൂടെ ജി.എസ്.ടി. നടപ്പാക്കിയ ശേഷമുള്ള ആദ്യ 5 വർഷങ്ങളിലേക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വിലക്കുറവ് ഉപഭോക്താവിന് ലഭിക്കത്തക്ക വിധത്തിൽ ഒരു ഫോർമുല |
| (ബി) | ഈ വ്യവസ്ഥ കേരളത്തിന് ഗുണകരമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | | |
| (സി) | ആയത് ദോഷകരമെങ്കിൽ ഏതെല്ലാം തരത്തിലാണ് കേരളത്തെ ബാധിക്കുന്നത്; വിശദ വിവരം നൽകുമോ? | | |

| | | | |
|---|---|---|---|
| | | | ജി.എസ്.ടി. കൗൺസിൽ രൂപപ്പെടുത്തിയെടുക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ IGST അക്കൗണ്ടിൽ മിച്ചം വരുന്ന തുക ഫിനാൻസ് കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുലയനുസരിച്ച് സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കേണ്ടതാണെന്നും വ്യാപാരിയിൽ നിന്നും ഉപഭോക്താവിലേക്കുള്ള അന്തർ സംസ്ഥാന ഇടപാടുകളിന്മേൽ വീതം വയ്ക്കാത്തതും വർഷാന്ത്യത്തിൽ മിച്ചം വരുന്നതുമായ Credit, Divisible Pool ൽ ഉൾപ്പെടുത്തി അത് ഇറക്കുമതി സേവനം ലഭ്യമാക്കിയ സംസ്ഥാനത്തിന് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |

Sd/-
Latheesh

സെക്ഷൻ ഓഫീസർ